# രാഷ്ട്ര നേതൃത്വത്തിൽനിന്ന് പ്രതീക്ഷിക്കാനാവില്ല : ഡോ. സതീഷ് ചന്ദ്രൻ

**13-08-2006 ന് പ്ലാച്ചിമട സമരപന്തലിൽ പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരസമിതി നടത്തിയ പ്രഭാഷണ പരിപാടിയിൽ പ്ലാച്ചിമട കൊക്കകോള മൂലമുണ്ടാകുന്ന പരിസ്ഥിതി നാശത്തെക്കുറിച്ച് ഡോ. സതീഷ്ചന്ദ്രൻ നടത്തിയ പ്രഭാഷണത്തിൽനിന്നുള്ള ഭാഗങ്ങൾ**

ഇത്രയേറെ പ്രായമായ, ആഗോളപ്രശസ്തമായ സമരം, അടിസ്ഥാന പ്രശ്നങ്ങളെയൊന്നും സ്പർശിക്കാതെ കടന്നുപോകുന്നു എന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. കൊക്കകോള നിരോധനം കേട്ടപ്പോൾ അത് ഉത്തരമല്ലല്ലോ എന്നാണ് എനിക്ക് തോന്നിയത്.

❦ ❦ ❦

2002ൽ പ്ലാച്ചിമട സമരമാരംഭിക്കുന്നതിന് മുമ്പ് ആറുമുഖൻ പത്തിച്ചിറയുമൊത്ത് ഇവിടെ വന്നപ്പോൾ ഇവിടെനിന്ന് ഒരു കുപ്പി വെള്ളം എടുത്തുകൊണ്ടുപോയി സി. ഡബ്ല്യു.ആർ.ഡി.എം ഡയറക്ടറെ ഏൽപ്പിച്ച് ഇത് ഒന്നു പഠിച്ചുനോക്കണം, എനിക്ക് വ്യക്തമായി മനസ്സിലാകുന്നില്ല എന്ന് പറഞ്ഞു. അദ്ദേഹം ഒന്നും ചെയ്തില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഒരു സ്ഥാപനത്തിലും ഇത് അന്വേഷിക്കണം എന്ന് പറഞ്ഞു. പ്ലാച്ചിമടയിലെ വെള്ളം ചെടി, മണ്ണ്, ജൈവാവശിഷ്ടങ്ങൾ ഒക്കെ. മലയാളിയായിരുന്ന അദ്ദേഹം ഉടനെ അനാലിസിസ് വിഭാഗം മേധാവിയെ വിളിച്ചു. മൂന്നാമത് സ്പെക്ട്രോ സ്കോപി പരിശോധനാ സൗകര്യങ്ങൾ ഒക്കെയുള്ള ഒരു സ്ഥാപനത്തിലും ഈ ആവശ്യം പറഞ്ഞു. ഒന്നും നടന്നില്ല.

പ്രശ്നങ്ങളുടെ വേരുകൾ എവിടെയൊക്കെയെന്നത് ശാസ്ത്രസമൂഹത്തിൽ നിന്നും രാഷ്ട്രനേതൃത്വത്തിൽ നിന്നും ആരും പറയുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. എനിക്ക് 57 വയസ്സായി. നിരാശയില്ല. ഒരു ഭരണകൂടത്തിൽനിന്നും വ്യത്യസ്തമായ ഉത്തരം കിട്ടുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇപ്പോൾ കോള നിരോധനം കേരള ഗവൺമെന്റിൽനിന്ന് knee jerk reflection പോലെ വന്നത് ഇവിടത്തെ സമരം കാരണമല്ല. ദൽഹിയിലെ CSE കണ്ടെത്തിയതാണ്. സുനിതാ നാരായണൻ പറയില്ല കൊക്കക്കോളയിൽ എങ്ങനെ കീടനാശിനി വരുന്നുവെന്ന്. കീടനാശിനി ലോബിക്ക് എത്ര സ്വാധീനമുണ്ടെന്ന് വ്യക്തമായി നമുക്ക് പറയാൻ കഴിയും ഇപ്പോഴത്തെ നിരോധനം കഴിഞ്ഞുള്ള അടുത്ത ഘട്ടത്തിൽ.

❦ ❦ ❦

പ്ലാച്ചിമടപോലെ തന്നെയാണ് എൻഡോസൾഫാൻ പ്രശ്നവും. പൊതുസമൂഹത്തിൽ ശ്രദ്ധിക്കപ്പെടുന്നതിന് മുമ്പ് കടലാമ സംരക്ഷണത്തിൽ താല്പര്യമുള്ള ഒരു കുട്ടിയിൽനിന്നാണ് ഞാൻ എൻഡോസൾഫാൻ പ്രശ്നം അറിയുന്നത്. കാർഷിക ബിരുദം നേടിയിട്ടുള്ള സുഹൃത്തായ എസ്. ഉഷയോട് ഇത് അന്വേഷിക്കാമോയെന്ന് ചോദിച്ചു. ഉഷ ഇത് അന്വേഷിച്ചശേഷം ഔസേപ്പ് എന്ന ഉദ്യോഗസ്ഥനെ കണ്ട് തൽക്കാലമെങ്കിലും കീടനാശിനി പ്രയോഗത്തിന് മൊറട്ടോറിയം പ്രഖ്യാപിക്കാമോയെന്ന് ചോദിക്കാൻ സമീപിച്ചു. നടന്നില്ല. പ്ലാച്ചിമടയിലെ പ്രശ്നങ്ങൾ എൻഡോസൾഫാൻ പ്രശ്നത്തെ അപേക്ഷിച്ച് ഗുരുതരമല്ല.

ശാസ്ത്രസമൂഹം നമുക്ക് ഉത്തരം നൽകില്ല എന്ന് മാത്രമല്ല ജനങ്ങളുമായി ഇടപെട്ട് പ്രവർത്തിക്കുകയുമില്ല എന്നാണ് ഞാൻ പറഞ്ഞുവരുന്നത്. രാഷ്ട്രനേതൃത്വത്തിന്റെ സഹകരണവും ജനങ്ങൾക്ക് ഉണ്ടാകുമെന്ന് എനിക്ക് പ്രതീക്ഷയില്ല.

പ്ലാച്ചമട ഹിന്ദുസ്ഥാൻ കൊക്കകോള വളമെന്ന പേരിൽ ഘനലോഹങ്ങൾ കൃഷിയിടത്തിൽ കൊണ്ടുതള്ളിയത് നാം ഉന്നയിച്ചു. എന്നാൽ ഇത് എവിടെനിന്ന് വന്നു എന്ന ചോദ്യം ഉന്നയിക്കപ്പെട്ടിട്ടില്ല.

കൃഷിയിടങ്ങളിൽ കൊണ്ടുതള്ളിയ ഘനലോഹങ്ങൾ മണ്ണിൽ കലർന്ന് പുഴയിലെത്തിക്കഴിഞ്ഞപ്പോഴാണ് ഇത് കൃഷിയിടങ്ങളിൽനിന്ന് ചുരണ്ടിയെടുത്ത് കമ്പനിവളപ്പിൽ നിക്ഷേപിക്കണമെന്ന് മലിനീകരണനിയന്ത്രണ ബോർഡ് പറയുന്നത്.

ഇന്ന് കൊക്കകോളയ്ക്ക് എതിരായ നിലപാട് പല ഘടകങ്ങളിൽ നിന്നാണ് വരുന്നത്. ഇറാഖ് യുദ്ധം ഒക്കെ ഈ ഘടകങ്ങളിൽ വരുന്നുണ്ട്.

ജീവശാസ്ത്രത്തിന്റെ ഭാഷയിൽ സംസാരിക്കുമ്പോൾ മണ്ണിൽ കാഡ്മിയവും മറ്റും എന്ത് പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് നമുക്ക് ഇപ്പോഴും അറിയില്ല. ഏതാനും നാളുകൾക്കകം ഹിന്ദുസ്ഥാൻ പേപ്പർ മില്ലിലെ മാലിന്യം മൂലം മൂവാറ്റുപുഴയിലെ ലെഡ് വിഷബാധകൊണ്ട് കുട്ടികളുടെ ബുദ്ധിശേഷി കുറയുന്നുവെന്ന റിപ്പോർട്ട് നമുക്ക് കാണേണ്ടിവന്നേക്കും. ഹിന്ദുസ്ഥാൻ പേപ്പർമില്ലും ഹിന്ദുസ്ഥാൻ കൊക്കകോളയുമൊന്നും വന്ന് ചേർന്നതല്ല. നാം ക്ഷണിച്ചുകൊണ്ടുവന്ന ഫാക്ടറികളാണ്.

ഇന്നുള്ള സമൂഹ നേതൃത്വം ഇത്തരം പ്രശ്നങ്ങളിൽ ജനങ്ങളുടെ നന്മയ്ക്ക് ഉതകുന്ന പരിഹാരം ഉണ്ടാക്കാമെന്ന് പ്രതീക്ഷിക്കാനാവില്ല. അത്തരമൊരു രാഷ്ട്രീയ ചട്ടക്കൂടല്ല ഇന്നുള്ളത്.

❦ ❦ ❦

നഷ്ടപരിഹാരം എന്ന എന്തോ ഒന്നിലൂടെ സമൂഹം ചെയ്തുപോയ തെറ്റുകൾ തിരുത്തേണ്ടതില്ല എന്ന തോന്ന

ലുണ്ടാക്കുകയാണ്. ഭോപ്പാൽ വ്യവസായ ദുരന്തത്തിൽ ദീർഘകാലം എത്രപേർ മരിച്ചു എന്ന് കണക്ക് കൃത്യമായി പറഞ്ഞില്ല. 10-20 വർഷം കഴിഞ്ഞ് ആ ദിവസം 30,000 പേർ മരിച്ചുവെന്ന് പറയുന്നു. ഒരു ലക്ഷത്തി മുപ്പതിനായിരം പേർക്ക് യാതനകളേൽപ്പിക്കുകയുണ്ടായി. ഈ സംഭവത്തിലെ നഷ്ടപരിഹാരം ഒന്നും വ്യക്തമല്ല. വ്യവസായ അപകടങ്ങളുടെ പേരിൽ ഇനിയൊരിക്കലും നഷ്ടപരിഹാരം ഉന്നയിക്കാൻ പാടില്ല എന്ന വിധത്തിലുള്ള ഉത്തരവാണ് പിന്നീട് ഉണ്ടായത്. ഏറ്റവും പുതിയ പരസ്യത്തിൽ അമിതാബച്ചൻ യൂണിയൻ കാർബൈഡ് ബാറ്ററിയും പിടിച്ചുനിൽക്കുന്നതാണ്.

ഒരു കോളനിയിലെ ആളുകൾ കുറച്ചുകാലമായി തങ്ങളുടെ ഭക്ഷണം പെട്ടെന്ന് വളിച്ചുപോകുന്നു എന്ന് പറഞ്ഞാൽ നിയമവ്യവസ്ഥ അത് അംഗീകരിക്കില്ല. ശാസ്ത്രസമൂഹം അത് ഏറ്റെടുത്ത് ചെയ്യുകയുമില്ല. അതിരപ്പിള്ളി പ്രശ്നം വരുന്നതിനുമുമ്പ് ചാലക്കുടി പുഴയ്ക്ക് 4 കി.മീ മേലെ ഒരു അമ്യൂസ്മെന്റ് പാർക്ക് വിഷം പുഴയിലേക്കൊഴുക്കി തുടങ്ങി. കേരള മലിനീകരണ നിയന്ത്രണബോർഡ് ഇത് പഠിച്ചില്ല.

ചരിത്രത്തിലെ ചതിയും ഹിംസയും ഇനിയും ആവർത്തിക്കപ്പെടുമെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടണം. ഇതിന് നാം പ്ലാച്ചിമടകൾ രേഖപ്പെടുത്തി വെയ്ക്കണം. ഏത് പാർട്ടി സെക്രട്ടറിയാണ് തൊഴിൽ നൽകുന്ന ഒരു ഫാക്ടറിക്കും ഞാൻ എതിര് നിൽക്കില്ല എന്ന് പറഞ്ഞത് ഒക്കെ രേഖപ്പെടുത്തണം.

❦ ❦ ❦

കൊക്കക്കോള വേണ്ടെന്ന് തീരുമാനിച്ച ഒരു ജനതയ്ക്ക് മേൽ ആർക്കും കൊക്കക്കോള അടിച്ചേൽപ്പിക്കാനാവില്ല. പക്ഷെ അപ്പോൾ കൊക്കക്കോള മാംഗോജ്യൂസുണ്ടാക്കാൻ തുടങ്ങും. കോൺട്രാക്ട് കൃഷി തുടങ്ങും. ഇതൊന്നും നിരോധിക്കാൻ കഴിയണമെന്നില്ല. ജോർജ്ജ് ഫെർണാണ്ടസ് നിരോധിച്ച സാധനമാണ് തിരിച്ചുവന്നത് എന്ന് നാമോർക്കണം.

30 വർഷമായി തുടർച്ചയായി വർൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലമാണ് ചിറ്റൂർ. എന്നിട്ടും എന്തുകൊണ്ട് പ്ലാച്ചിമടയിൽ ഒരു കോളാ പ്ലാന്റ് വന്നു.

❦ ❦ ❦

മാവൂർ ഗ്വാളിയോർ റയോൺസിലും ഇത് തന്നെയാണ് സംഭവിച്ചത്. മുള തീർന്നപ്പോൾ അവർ പോയി.

സംഭവിച്ചത് രേഖപ്പെടുത്തി ലോകത്തെ ബോധ്യപ്പെടാൻ ശ്രമിച്ച ഒരു ജൂതനെ ഭാര്യയെക്കൊണ്ട് നാസികൾ കൊലചെയ്യിച്ചത് വായിച്ചിട്ടുണ്ട്. ഇവിടെ ഇപ്പോൾ രേഖപ്പെടുത്തുന്നവർ കൊല ചെയ്യപ്പെടുമെന്ന സ്ഥിതിയില്ലെങ്കിലും അത് വരാം.

Fast fading ink is better than memories എന്നുണ്ടല്ലോ.

വിളയോടിയെയും മൈലമ്മയേയും നാം മറന്നേക്കാം. കമ്പനി പരിസരം കാടുകയറിയെന്നുവരും. ആരൊക്കെയാണ് ആരാച്ചാർ എന്ന്.

പ്ലാച്ചിമടയിലെ മഴ സി.ഡബ്ല്യു.ആർ.ഡി.എം. രേഖപ്പെടുത്തിയിരിക്കുന്നതിലെ തമാശ, ചാലക്കുടി പുഴയിലെ മാലിന്യത്തിൽ അളവ് പരിശോധിക്കാത്ത ഗ്രൗണ്ട് വാട്ടർ അതോറിറ്റി ഒക്കെ സംഭവിക്കുന്ന നാടാണ് നമ്മുടേത്. പറമ്പിക്കുളം ആലിയാർ കനാലിലെ കല്ലുകൾ ഇളക്കി വെള്ളം ചോർത്തിയിട്ടില്ല എന്ന് റിപ്പോർട്ട് എഴുതി വെയ്ക്കുന്ന നാം ജോലിയുടെ സുരക്ഷിതത്വം മാത്രം നോക്കുന്നവർക്ക് മറ്റെന്ത് സാധിക്കാൻ.

കൊക്കക്കോളയുടെ വിദഗ്ദ്ധോപദേശകനായ ഡോ. ജേക്കബ് ആരായിരുന്നു? കേന്ദ്ര ഭൂജലബോർഡ് ഡയറക്ടർ. ഇന്ത്യയിലെ ആദ്യത്തെ വിഭവഭൂപട നിർമ്മാണ പദ്ധതി ഉപജ്ഞാതാവ്. അറിവ് ആയുധമാണ്. പക്ഷേ ആർക്കുവേണ്ടി ആയുധമാക്കുന്നു എന്നാണ് നോക്കേണ്ടത്.

❦ ❦ ❦

ഇത്തരം സാഹചര്യങ്ങളിൽ നമുക്ക് പ്രതീക്ഷ വേണ്ടത് കുട്ടികളിലാണ്. കുട്ടികൾ ചുമതലയേറ്റെടുത്ത് വിവരങ്ങൾ ശേഖരിക്കുകയും റിപ്പോർട്ട് ഉണ്ടാക്കുകയും വേണ്ടിവരും. ഇതിൽ നമ്മുടെ പാളിച്ചകൾ നാം തിരിച്ചറിയണം. കാസറഗോഡിൽ എത്രപേർക്ക് എൻഡോസൾഫാൻ ബാധയുണ്ടെന്ന് ഇപ്പോഴും ആർക്കുമറിയില്ല. ഏറ്റവും നിന്ദിതരും പീഡിതരുമായ സമൂഹത്തിലും ആരെങ്കിലും വിവരങ്ങൾ ശേഖരിക്കാനും കാര്യങ്ങൾ മനസ്സിലാക്കാനും തീരുമാനിച്ചിറങ്ങിയാൽ ഏറ്റവും നല്ല മാധ്യമം അതുതന്നെയാണ്.

അനുഭവസ്ഥരും അനുഭവിക്കുന്നവരും ഈ ഭൂമിയിലാണ് ജീവിക്കുന്നത് എന്നുള്ള യാഥാർത്ഥ്യബോധം നമുക്ക് ശബ്ദമുണ്ടാക്കും. കേരളത്തിൽ 2006 ൽ കോളേജ് വിദ്യാഭ്യാസമുള്ള കുട്ടികളോട് ചോദിച്ചപ്പോൾ അവർ പ്ലാച്ചിമടയെ കുറിച്ച് കേട്ടിട്ടേയില്ല. ഇതിനർത്ഥം?

❦ ❦ ❦

നാമൊക്കെ ഹിപ്പോക്രാറ്റുകളാണ്. പല ഒഴിവുകഴിവുകൾ നാം കൊടുക്കുന്നു. പഞ്ചായത്തിലെ ഒരു തീരുമാനം അട്ടിമറിച്ചിരിക്കുന്നത് എന്ന് നാം രേഖപ്പെടുത്താൻ മടിക്കും. ഇതാണ് നമ്മുടെ അവസരവാദരാഷ്ട്രീയം.

കേരളത്തിലെ രാഷ്ട്രീയം തീരുമാനിക്കുന്നത് മത സംഘടനകളാണ്.

മൈലമ്മയും വിളയോടിയും എങ്ങനെ മുന്നിലെത്തി എന്നതല്ല നാം നോക്കേണ്ടത്. മയിലമ്മയുടെയും വിളയോടിയുടെയും മനസ്സിലെ കൊടുങ്കാറ്റുകൾ എങ്ങനെയാണ് എഴുതുക? എങ്കിലും ഇത് തയ്യാറാക്കാൻ പറ്റണം.

മൊത്തം സമൂഹത്തിന്റെ നേതൃത്വം ഏറ്റെടുക്കാനും ഒപ്പം നിൽക്കാനും കഴിയുന്ന ഒരു ജനസമൂഹത്തിനേ ഇത് നേടിയെടുക്കാനാവൂ.

ജീവിക്കാനുള്ള വഴിക്ക് കൂടുതൽ തടസ്സം വരുമ്പോൾ, ദാരിദ്ര്യം വരുമ്പോൾ എന്ത് വിട്ടുവീഴ്ച ചെയ്തും ജീവിക്കണം എന്നതാണ് പുതിയ മതം.

എല്ലാ കാലത്തേക്കും വെള്ളമുള്ള ഒരു പ്രദേശത്ത് വെള്ളം സ്വകാര്യവൽക്കരിക്കപ്പെടുന്നു. അതിന്റെ മുകളിൽ വിഷം തളിക്കപ്പെടുന്നു. നൂറുകണക്കിന് ആളുകൾക്ക് എല്ലാകാലത്തേക്കുമുള്ള വെള്ളം നശിപ്പിക്കപ്പെടുമ്പോഴും നാം കുറച്ചുപേർക്ക് കിട്ടുന്ന തൊഴിലിന്റെ പേരിൽ അത് അംഗീകരിക്കപ്പെടുന്നു.

ജനാധിപത്യത്തിന്റെ ശക്തി തിരിച്ചറിവിന്റെ ശക്തിയാണ്. ഇത് വെള്ളത്തിലുള്ള രാസപദാർത്ഥങ്ങളുടെ അളവ്

അറിയലല്ല. ഭൂമിയിൽ പെയ്യുന്ന മഴ ഭൂമിക്കടിയിൽ സംഭരിക്കപ്പെടുന്നു. ഇത് ലാഭമുണ്ടാക്കാൻ ചോർത്തിയെടുക്കപ്പെടുന്ന, വിഷമയമാക്കപ്പെടുന്നു. ഇതെങ്ങനെ സംഭവിക്കുന്നുവെന്ന് നാം തിരിച്ചറിയണം.

ജനാധിപത്യ സമൂഹത്തിന്റെ ബോധം എന്നത് ഇവിടത്തെ മണ്ണിന്റെ ആരോഗ്യവും എങ്ങനെ തിരിച്ചുവരും എന്ന് അറിയാൻ കഴിയണം.

❦ ❦ ❦

സിവിൽ സൊസൈറ്റിയിൽ ആദ്യം ചെയ്യേണ്ടത് അതിലെ നിയമങ്ങൾ വെച്ച് നാം ചലിച്ചു നോക്കുകയാണ്. അത് ഫലവത്തായില്ലെങ്കിൽ മാത്രം നമുക്ക് മറ്റ് വഴികൾ ആലോചിക്കാം.

നിയമവും കോടതിയും ഒക്കെ സത്യത്തെ അന്വേഷിക്കുന്ന സ്ഥാപനങ്ങളല്ല. അവ ചില നടപടിക്രമങ്ങളാണ്. ഇത് മനസ്സിലാക്കി വേണം നാം പ്രവർത്തിക്കാൻ.

നേതൃത്വപരാജയത്തിന്റെയും ചട്ടകൂടിയില്ലായ്മയുടെയും നടുവിൽ ജീവിക്കുന്ന നാം സ്വയം നേതൃത്വം ഏറ്റെടുക്കാനും ചട്ടക്കൂട് ഉണ്ടാക്കാൻ പഠിക്കുകയും ചെയ്യുകയേ വഴിയുള്ളൂ.

❦ ❦ ❦

കുറച്ചുദിവസം മുമ്പ് ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ ചെറിയ ഒരു വാർത്ത കണ്ടു. ഇറ്റലിയിലെ മെഡിറ്ററേനിയൻ കടലിനടിത്തട്ടിലെ ചൂടുവെള്ളം പൊങ്ങിവരുന്നു. അത് പഠിച്ചപ്പോൾ ഈയം (lead) കണ്ടു.. ഐസോടോപ്പ് പഠനം നടത്തിയപ്പോൾ ഈയം വന്നിരിക്കുന്നത് ആസ്ട്രേലിയൻ ഭാഗത്തുനിന്നാണ് എന്നാണ് കണ്ടത്.

അതുപോലെ ഇവിടെ കൊക്കകോള കൃഷിയിടത്തിൽ തട്ടിയിട്ട കാഡ്മിയം ഇപ്പോൾ പൊന്നാനിയിലെ മണൽത്തിട്ടയിൽ എത്തിയിട്ടുണ്ടാകും. ഇത് ട്രെയ്സ് ചെയ്യാൻ പറ്റും. പക്ഷെ നാമത് ചെയ്യില്ല.

സംഭവിക്കുന്നതെല്ലാം നല്ലതിന് എന്നു പറഞ്ഞുകൊണ്ട് നാം ചെയ്തുകൊണ്ടിരിക്കുന്നത് തെറ്റാണെങ്കിലും നാമവയെ ന്യായീകരിക്കേണ്ടതില്ല.

❦ ❦ ❦

രണ്ടുവർഷം മുമ്പ് എം.എസ്.ഡബ്ല്യു. വിദ്യാർത്ഥികൾ അട്ടപ്പാടിയിൽ ഒരു പഠനം നടത്തി. 18-20 വയസ്സുള്ള ബിരുദാനന്തര വിദ്യാർത്ഥികൾ ആദ്യം കയറിയ വീട്ടിൽ 5 ദിവസമായി ആരും ആഹാരം കഴിക്കാത്ത വീടാണ്. ചോദ്യാവലിയിൽ ആദ്യം ചോദ്യം നിങ്ങളുടെ വീട്ടിൽ ടി.വി. യുണ്ടോ എന്നാണ്. ഇത് പറഞ്ഞത് സമൂഹത്തിലെ അന്ധത നമുക്ക് മനസ്സിലാക്കാനാണ്.

നമ്മുടെ ശാസ്ത്രപഠനം നമുക്ക് യഥാർത്ഥ ശാസ്ത്രീയ പ്രാപ്തി ഉണ്ടാകുന്നില്ല.

പുതിയ മനുഷ്യൻ ശാസ്ത്രമനുഷ്യനല്ല. വിപ്ലവമനുഷ്യനല്ല. മറ്റുള്ളവരുടെ ഇല്ലായ്മ എന്റെ കൂടി ചെയ്തികളിലൂടെ ഉണ്ടാകുന്നതാണ് എന്ന് തിരിച്ചറിയുന്നവനാണ് ആകേണ്ടത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

❦ ❦ ❦

ഒരു വീട്ടമ്മ വീട്ടിലെ വെള്ളം ഉപയോഗിച്ച് ഭക്ഷണമുണ്ടാക്കുമ്പോൾ എളുപ്പം ചീയുന്നു എന്ന് പറയുന്നതിലും ശാസ്ത്രീയത ഉണ്ട്. ഇത് അംഗീകരിക്കുന്ന കോടതികൾ ആണ് ഉണ്ടാകേണ്ടത്. നേരിട്ടറിയാവുന്ന കാര്യങ്ങളെ നമുക്ക് ശാസ്ത്രീയത എന്ന് തന്നെ പറയണം.

നാമൊക്കെ നട്ടെല്ലില്ലാത്തവരാണ്. നമ്മുടെ നികുതി കൊണ്ട് പുലരുന്ന എത്ര സ്ഥാപനങ്ങളാണ് ഇവിടെയുള്ളത്. മലിനീകരണ നിയന്ത്രണബോർഡ് എന്ത് അന്വേഷിച്ചാണ് പ്ലാച്ചിമടയിൽ കൊക്കക്കോളക്ക് അനുമതി കൊടുത്തത്. പരിസ്ഥിതി ആഘാതപഠന റിപ്പോർട്ട് കാണാതെ എന്തിനാണ് അനുമതി കൊടുത്തത് ? പിന്നീട് പരാതികൾ ഉയർന്നപ്പോഴും എന്താണിത്തരം സ്ഥാപനങ്ങൾ ചെയ്തത് ?

പ്ലാച്ചിമട സമരത്തിന് സംഭവിക്കാവുന്ന ഏറ്റവും വലിയ അപചയമാണ് ഇപ്പോൾ കേരള ഗവൺമെന്റിന്റെ കോള നിരോധന ഉത്തരവിന്റെ പേരിൽ സമരം ദുർബലപ്പെടുത്തുന്നത്. സമരത്തിന്റെ ഇപ്പോഴുള്ള ശക്തി വളർത്തിക്കൊണ്ടുവരാൻ പ്രയാസപ്പെടേണ്ടിവരും.

പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സമരങ്ങൾ വിജയിച്ചു എന്ന് പറയാനാകില്ല. ഒരു വിനാശപ്രക്രിയയെ ചെറുത്തു എന്നേ പറയാനാകൂ. ഇത് ഏത് സമരത്തിനും പറയാവുന്നതാണ്.

*പി.ബി. 2230, തിരുവനന്തപുരം-16*

# 'വെറുതെയൊരുവൾ' എഴുതിയ പുസ്തകം

**കെ.ആർ. ഇന്ദിര**

**എഴുതാതെയെഴുതിയ** പുസ്തകം. ഇരുപത്തിയൊന്നുനാൾ എഴുത്തിനടയിരുന്ന് വിരിയിച്ചെടുത്തത്. മുറിവിൽനിന്ന് ചോരപോലെ ഉറവിൽനിന്ന് നീരുപോലെ ഉള്ളിൽനിന്നുള്ള എഴുത്ത് തന്നിലേയ്ക്കുതന്നെ നോക്കിയിരുന്നപ്പോൾ തെളിഞ്ഞുവന്ന ചില കാഴ്ചപ്പാടുകളാണ് തന്റെ എഴുത്ത് എന്ന് സുജ. വളരെയേറെ ആത്മനിഷ്ഠമായി സുജ എഴുതിയിരിയ്ക്കുന്നു. തോന്നലുകൾ - തോന്നലുകൾ മാത്രം. എഴുത്ത് വിരൽത്തുമ്പിൽ വരുന്നില്ലെന്ന് പറഞ്ഞുകൊണ്ട്

സുജ എഴുതിക്കൊണ്ടിരുന്നു. ശുദ്ധത, സ്വച്ഛത, നിഷ്കളങ്കത, സൗമ്യത സദ്ഗുണങ്ങളുടെ എല്ലാ നാമങ്ങളും സമ്മേളിയ്ക്കുന്നതായി സുജയുടെ എഴുത്ത് വ്യക്തമാക്കുന്നു. സൗഭാഗ്യവതി തന്നെ. ഇതുപോലൊരു ജന്മം കിട്ടാൻ ഒരു നൂറുജന്മം ജനിച്ചാലെന്ത്?

അസൂയയോടെ, സ്വന്തം ഇന്ദിര

**വായന/പുസ്തകപരിചയം**



**വെറുതെയൊരുവൾ (പ്രകൃതി/ആത്മീയത/ആത്മകഥ)**

സുജ, പേജ് 98, വില 50 രൂപ
വിലാസം: സുജ, മുവിങ് ബുക്സ്,
കെ.ആർ.ഡബ്ല്യു.എ. 76എ, ഐ.എ.എസ്.
കോളനി, വട്ടിയൂർക്കാവ്
തിരുവനന്തപുരം - 13.
ഫോൺ: 0471 2361038